# സലഫി മൻഹജ്

## ചരിത്രത്തെ തെറ്റിദ്ധരിപ്പിക്കുന്ന ജമാഅത്തെ ഇസ് ലാമി

അബൂ ഹംന റാഷിദ് ഖലീൽ റഹ്മാൻ

സലഫീ മൻഹജ് ചരിത്രത്തിലൂടെ എന്ന ശീർഷകത്തിൽ ബോധനം ദ്വൈമാസിക (മാർച്ച്-ഏപ്രിൽ 2009) പ്രസിദ്ധീകരിച്ച ലേഖനത്തിലെ ഒരു ഹദീഥും രണ്ടു വ്യക്തിത്വങ്ങളെയുമാണ് ഈ ലേഖനത്തിലൂടെ ചർച്ചാവിഷയമാക്കുന്നത്. അതിനുമുമ്പ്, പല കാരണങ്ങളാലും അസ്മാഉ വസ്സിഫാതിന്റെ വിഷയത്തിൽ ചില പണ്ഡിതന്മാർക്ക് പിശകു പറ്റിയിട്ടുണ്ട് എന്ന വസ്തുത നാം ഗ്രഹിച്ചിരിക്കണം (അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കട്ടെ, ആമീൻ). ആ പണ്ഡിതന്മാർക്ക് പിശകുപറ്റാനുണ്ടായ കാരണങ്ങൾ പരിശോധിക്കലല്ല നമ്മുടെ ലക്ഷ്യം. മറിച്ച്, അവരുടെ പ്രസ്തുത വീക്ഷണങ്ങളോട് പിൽക്കാലക്കാരായ അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാർ സ്വീകരിച്ച നിലപാടും, അതിനെ ജ.ഇ. തെറ്റിദ്ധരിപ്പിക്കുന്നതുമായ വിഷയമാണ് നാമിവിടെ പരിശോധനക്ക് വിധേയമാക്കുന്നത്.

തൽക്കാലം, നമ്മുടെ ചർച്ച താഴെയുള്ള ബോധനത്തിലെ ഖണ്ഡികയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള പണ്ഡിതന്മാരിൽ മാത്രമായി ചുരുക്കാം. ഈ ഖണ്ഡികയെ കുറിച്ചുള്ള ചർച്ചയെ നമുക്ക് രണ്ട് ഭാഗങ്ങളാക്കാം. ഒന്നാമത്തെ ഭാഗത്ത്, പണ്ഡിതന്മാർക്ക് പറ്റിയ അബദ്ധങ്ങളോട് അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാർ സ്വീകരിച്ച നിലപാടാണ് ചർച്ച ചെയ്യുന്നത്. രണ്ടാമത്തെ ഭാഗത്ത്, ബോധനത്തിൽ പരാമർശിച്ച തെളിവുകളെ കുറിച്ച് അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാരുടെ പ്രതികരണവും. ഇനി, ബോധനം പറയുന്നത് കാണുക:

> മാത്രമല്ല, താൻ നൽകിയ ഫത്വകൾക്കെതിരായി ചില അവസരങ്ങളിൽ ഇമാം അഹ്മദ് (റ) പ്രവർത്തിച്ചിട്ടുണ്ട്. ഉദാഹരണമായി അല്ലാഹുവിന്റെ (صفة) വിശേഷണം വ്യാഖ്യാനിക്കുന്നത് വിലക്കിയ അദ്ദേഹം അനിവാര്യഘട്ടത്തിൽ അപ്രകാരം ചെയ്തതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. സൂറത്തുൽ ഫജ്റിലെ وجاء ربك (താങ്കളുടെ രക്ഷിതാവ് വന്നാൽ) എന്നതിനു وجاء ثوابه (രക്ഷിതാവിന്റെ പ്രതിഫലം) എന്നു വ്യാഖ്യാനിച്ചതായി ബൈഹഖി റിപ്പോർട്ട് ചെയ്യുന്നു. അന്ത്യനാളിൽ സൂറത്തുൽ ബഖറഃ ആഗതമാവും എന്ന പ്രവാചക വചനത്തിനു 'അതിന്റെ പ്രതിഫലം' എന്ന് വിശദീകരണം നൽകിയിരിക്കുന്നു. ഇവയെ നിരൂപിച്ചുകൊണ്ട് ബൈഹഖി എഴുതുന്നു:
>
> قال البيهقي: وفيه دليل على أنّه لا يعتقد في المجيئ الذي ورد به الكتاب، والنزول الذي وردت به السنة انتقالا من مكان إلى مكان كمجيئ ذوات الأجسام ونزولها، وإنّما هو عبارة عن ظهور آيات قدرته، فإنهم لما زعموا أن القرآن كلام الله وصفة في صفات ذاته لم يجز عليه المجيئ والإتيان. فأجابهم أبو عبد الله بأنّه إنّما

> يجيئ ثواب قراءته التي يريد إظهارها يومئذ معبر عن إظهاره إيّاها بمجيئه (تعليق الزاهد الكوثري على السيف الصقيل للسبكي ص١٢٠/١٢١)
>
> 'ബൈഹഖി(റ) പറഞ്ഞു: 'ഖുർആനിൽ വന്ന ആഗമന (مجيئ) വും സുന്നത്തിൽ വന്ന ഇറക്ക (نزول) വും ഖരപദാർഥങ്ങളുടെ ആഗമനവും ഇറക്കവും പോലെ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് നീങ്ങുക എന്ന അർഥത്തിലാണെന്ന് അദ്ദേഹം വിശ്വസിച്ചിട്ടില്ലെന്നതിന് ഇതിൽ തെളിവുണ്ട്. മറിച്ച്, അവന്റെ കഴിവിന്റെ അടയാളങ്ങൾ പ്രത്യക്ഷപ്പെടുക എന്നതിന്റെ ഭാഷയാണത്. കാരണം, ഖുർആൻ അല്ലാഹുവിന്റെ വചനമാണെന്നും അവന്റെ ഉൺമയുടെ വിശേഷണങ്ങളിൽ ഒന്നാണെന്നും വാദിച്ചതിനാൽ ആഗമനവും വരവും അവർ അതിനനുവദിച്ചില്ല. അപ്പോൾ അബൂ അബ്ദില്ല (അഹ്മദ്ബ്നു ഹമ്പൽ) അതിന് മറുപടി പറഞ്ഞു. അതിന്റെ (സൂറത്തിന്റെ) ആഗമനം എന്നതുകൊണ്ട് വ്യക്തമാക്കാനുദ്ദേശിച്ചത് അന്നവൻ പ്രത്യക്ഷമാക്കാൻ ഉദ്ദേശിക്കുന്ന ഖുർആൻ പാരായണത്തിന്റെ പ്രതിഫലത്തിന്റെ ആഗമനമാണ്'.

ബോധനത്തിലെ ഈ ഉദ്ധരണിയിൽ രണ്ട് വ്യക്തിത്വങ്ങളും ഒരു ഗ്രന്ഥവുമാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്. ബൈഹഖി, സാഹിദ് അൽ കൗസരി എന്നിവരും, സുബ്കിയുടെ السيف الصقيل في الرد على ابن زفيل എന്ന ഗ്രന്ഥവുമാണവ. ഇമാം അഹ്മദിന്റെ ഉദ്ധരണിയിലേക്ക് കടക്കുന്നതിന് മുമ്പായി ഇവ പരിശോധനക്ക് വിധേയമാക്കപ്പെടേണ്ടതുണ്ട്.

## ഇമാം അൽബൈഹഖി (ഹി. 384-458)

അദ്ദേഹത്തിന്റെ മുഴുവൻ പേര് അബൂ ബക്റ് അഹ്മദുബ്നു ഹുസൈൻ അൽ ബൈഹഖി എന്നാണ്. ശാഫിഈ ഫിഖ്ഹിലും ഹദീഥ് വിജ്ഞാനീയത്തിലും പാണ്ഡിത്യം നേടിയ അദ്ദേഹം ഹദീഥുകളുടെ ലോകത്ത് 'മുതസാഹിൽ'(കർക്കശമല്ലാത്ത) ആയ പണ്ഡിതന്മാരുടെ ഗണത്തിലായിട്ടാണ് അറിയപ്പെടുന്നത്.[1] നാമവിശേഷണങ്ങളുടെ (അസ്മാഉ വസ്സ്വിഫാത്) വിഷയത്തിൽ, ചില സ്വിഫതുകളെ സ്ഥിരീകരിക്കുകയും, മറ്റു ചിലതിനെ തഅ്വീലും തഫ്വീളും നടത്തുകയുമാണ് അദ്ദേഹം ചെയ്തത്. അതു കൊണ്ട് തന്നെ അദ്ദേഹം ആദ്യകാല അശ്അരികളായ ബാകില്ലാനി, ഇബ്നു കുല്ലാബ്, തുടങ്ങിയവരുടെ കൂട്ടത്തിലാണുൾപ്പെടുക. വിജ്ഞാനം നേടുന്നതിനായി അദ്ദേഹം ആശ്രയിച്ച ചില അശ്അരി ശൈഖുമാരുടെ സ്വാധീനഫലമാണിത്. തന്റെ ഗ്രന്ഥങ്ങളിൽ അദ്ദേഹം ആശ്രയിച്ച അശ്അരി ശൈഖുമാരിൽ പ്രമുഖരായ ചിലർ ഇവരാണ്: അബൂ

---

[1] قال الألباني: وقد تبين لي بتتبعي لنقد البيهقي للأحاديث وأسانيدها ورجالها أنه متساهل

അബ്ദുല്ല ഹുലൈമി അൽ ജുർജാനി, അബൂ സുലൈമാൻ അൽ ഖത്വാബി, അൽ അശ്അരി[1], ഇബ്നു ഫുറാക്, തുടങ്ങിയവർ.

അശ്അരി വീക്ഷണങ്ങൾ മുഴുവനായി ഇമാം ബൈഹഖി സ്വീകരിച്ചിട്ടില്ല. പ്രത്യുത, അല്ലാഹുവിന്റെ കലാമിനെ സംബന്ധിച്ച അവരുടെ വീക്ഷണം അദ്ദേഹം സ്വീകരിച്ചു. എന്താണ് പ്രസ്തുത വിഷയത്തിലുള്ള അശ്അരി വീക്ഷണം? ക്വുർആൻ അല്ലാഹുവിന്റെ കലാമാണ്; അത് അവന്റെ സൃഷ്ടിയല്ല എന്നു തന്നെയായിരുന്നു അവരുടെ വിശ്വാസമെങ്കിലും അല്ലാഹുവിന്റെ കലാം ശബ്ദത്തിൽ നിന്നും മുക്തമാണ് എന്ന വാദം അവർക്ക് അതോടൊപ്പമുണ്ടായിരുന്നു. അതിനെ അവർ കലാം നഫ്സി (ആന്തരിക സംസാരം) എന്നാണ് വിളിച്ചിരുന്നത്. അതു കൊണ്ടു തന്നെ അവരുടെ വീക്ഷണത്തിൽ, അല്ലാഹുവിന്റെ കലാം ശബ്ദമില്ലാത്ത കലാം നഫ്സിയാണ്. നേരെ മറിച്ച്, ക്വുർആൻ അല്ലാഹുവിന്റെ കലാമാണ്; അത് അവന്റെ സൃഷ്ടിയല്ല; അവൻ ശബ്ദത്തോടു കൂടിയാണ് സംസാരിക്കുന്നത് എന്ന് വിശ്വസിക്കുന്നവരാണ് സലഫികൾ അഥവാ അഹ്ലുസ്സുന്നത്ത്.[2] എന്നാൽ അവന്റെ ശബ്ദം സൃഷ്ടികളുടെ ശബ്ദം പോലെയല്ല. ഇവ്വിഷയകമായുള്ള ഇമാം അഹ്മദിന്റെ വാക്കുകൾ ഒന്നു കൂടി വ്യക്തമാക്കിക്കൊണ്ട് ഇമാം ബുഖാരി ഉദ്ധരിക്കുന്നു:

وإن الله عز و جل ينادي بصوت يسمعه من بعد كما يسمعه من قرب فليس هذا لغير الله جل ذكره قال أبو عبد الله وفي هذا دليل أن صوت الله لا يشبه أصوات الخلق لأن صوت الله جل ذكره يسمع من بعد كما يسمع من قرب وأن الملائكة يصعقون من صوته فإذا تنادى الملائكة لم يصعقوا[3]

"നിശ്ചയം, അല്ലാഹു അടുത്ത് കേൾക്കപ്പെടുന്നതു പോലെ തന്നെ വിദൂരത്തിൽ നിന്ന് കേൾക്കപ്പെടുന്നതായ ശബ്ദം കൊണ്ട് വിളിക്കും. ഇത് അല്ലാഹു അല്ലാത്തവർക്ക് ഇല്ല തന്നെ. അബൂ അബ്ദില്ല (ഇമാം അഹ്മദ്) പറഞ്ഞു: ഇതിൽ അല്ലാഹുവിന്റെ ശബ്ദം സൃഷ്ടികളുടെ ശബ്ദങ്ങൾക്ക് തുല്യമാവുകയില്ല എന്നതിന് തെളിവുണ്ട്. കാരണം അല്ലാഹുവിന്റെ ശബ്ദം അടുത്ത് നിന്ന് കേൾക്കപ്പെടുകയും മലക്കുകൾ അവന്റെ ശബ്ദത്താൽ ബോധമറ്റ് വീഴുകയും ചെയ്യുന്നു. എന്നാൽ മലക്കുകൾ അന്യോന്യം വിളിക്കുകയായാൽ അവർ ബോധമറ്റ് വീഴുകയില്ല."

അപ്പോൾ ഇമാം ബൈഹഖിക്ക് അസ്മാഉ വസ്സിഫാതിന്റെ വിഷയത്തിൽ ചില പിഴവുകളുണ്ടെന്ന് നാം മനസ്സിലാക്കി. ഇനി, പിൽക്കാലക്കാരായ അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാർ അദ്ദേഹത്തെ കുറിച്ച് പറഞ്ഞതെന്താണെന്ന് നോക്കാം:

## 1. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ رحمه الله

ഇമാം ബൈഹഖിയെ കുറിച്ചും മറ്റും ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ പറഞ്ഞു:

قال شيخ الاسلام في مجموع الفتاوى (367/12): "وسلك طريقة إبن كلاب في الفرق بين الصفات اللازمة كالحياة و الصفات الاختيارية وان الرب يقوم به الأول دون الثاني كثير من المتأخرين من أصحاب مالك والشافعي

[1] അദ്ദേഹം അഹ്ലുസ്സുന്നയുടെ ആദർശം സ്വീകരിക്കുന്നതിന് മുമ്പുള്ള നിലപാട്.

[2] അഹ്ലുസ്സുന്നയുടെ വിശ്വാസം അറിയുവാൻ http://salafivoice.com/classroom/Allahuvinte_Samsaram.pdf സന്ദർശിക്കുക

[3] ഇമാം ബുഖാരിയുടെ خلق افعال العباد (പേ:149) കാണുക.

وأحمد كالتميميين أبي الحسن التميمي وابنه أبي الفضل التميمي وابن ابنه رزق الله التميمي وعلى عقيدة الفضل التي ذكر أنها عقيدة أحمد أعتمد أبو بكر البيهقي فيما ذكره في مناقب أحمد من الاعتقاد"

“ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ തന്റെ മജ്മൂഉ ഫതാവായിൽ പറയുന്നു: ഹയാത്ത് (حياة) പോലുള്ള അല്ലാഹുവിന്റെ ലാസിമായ സിഫത്തുകൾക്കും ഇഖ്തിയാരിയായ സിഫത്തുകൾക്കും ഇടയിൽ വിത്യാസം കൽപിക്കുമ്പോൾ അല്ലാഹു ഒന്നാമത്തേത് നിർവ്വഹിക്കുന്നു രണ്ടാമത്തേത് നിർവ്വഹിക്കുന്നില്ല എന്നതാണ് ഇബ്നു കുല്ലാബിന്റെ വീക്ഷണം. ഈ വീക്ഷണം ഇമാം മാലിക്കിന്റെയും ഇമാം ശാഫിയുടെയും അബുൽ ഹസൻ അബുൽ ഫളൽ റിസ്കുല്ലാഹ് (തമീമിമാർ) പോലുള്ള ഇമാം അഹ്മദിന്റെയും അനുയായികളിൽനിന്നുള്ള പിൻമുറക്കാരായ വലിയ ഒരു വിഭാഗം സ്വീകരിച്ചു. ഇമാം അഹ്മദിന്റെ അഖീദയാണെന്ന് അബുൽ ഫളൽ പറഞ്ഞതായ ഈ അഖീദയെയാണ് ഇമാം അൽബൈഹഖി مناقب أحمد من الاعتقاد എന്ന ഗ്രന്ഥത്തിൽ അവലംഭിച്ചതായി ഉദ്ധരിച്ചിട്ടുള്ളത്.”

## 2. ശൈഖ് സ്വാലിഹ് ഇബ്നു ഫൗസാൻ حَفِظَهُ الله

ഇമാം ബൈഹഖിയെ കുറിച്ചും, തഅ്‌വീൽ നടത്തുന്നതിന് ഇമാം അഹ്മദിന്റെ വാക്കുകൾ തെളിവായി അദ്ദേഹം വാദിക്കുന്നതിനെ കുറിച്ചും ശൈഖ് സ്വാലിഹ് ഇബ്നു ഫൗസാൻ പറഞ്ഞു[1]:

ما نسبه الإمام أحمد لم يثبت عنه، ولم يُوثقه من كتبه أو كتب أصحابه، وذكر البيهقي لذلك لا يُعتمد؛ لأنّ البيهقي - يرحمه الله - عنده شيء من تأويل الصفات فلا يوثق بنقله في هذا الباب؛ لأنه ربما يتساهل في النقل.

والثابت المتيقن عن الإمام أحمد إثبات الصفات على حقيقتها وعدم تأويلها فلا يُترك المعروف المتيقن عنه لشيء مظنون ونَقل لم يثبت عنه، وله - يرحمه الله - ردّ على الجهمية والزنادقة في هذا الباب مشهور ومطبوع ومتداول.

“ഇമാം അൽബൈഹഖി ഇമാം അഹ്മദിലേക്ക് ചേർത്ത് പറഞ്ഞത് സ്ഥിരപ്പെട്ടിട്ടില്ല. ഇമാം അഹ്മദിന്റെ ഗ്രന്ഥത്തിൽനിന്നോ അനുയായികളുടെ ഗ്രന്ഥത്തിൽനിന്നോ അതിനുള്ള രേഖ ഉദ്ധരിച്ചിട്ടില്ല. അത് ബൈഹഖി പറഞ്ഞത് അവലംബിക്കപ്പെടാവതല്ല. കാരണം ബൈഹഖിയുടെ അടുക്കൽ ചില സിഫാത്തുകൾക്ക് തഅ്‌വീൽ വന്നുപോയിട്ടുണ്ട്. അതിനാൽ തന്നെ ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ ഉദ്ധാരണം

[1] ഡോ: സഈദ് റമദാൻ അൽ ബൂതിയുടെ ദുർവ്യാഖ്യാനങ്ങളെ ഖണ്ഡിച്ചു കൊണ്ട് ശൈഖ് സ്വാലിഹ് ഇബ്നു ഫൗസാൻ രചിച്ച تعقبات على كتاب السلفية ليست مذهبا കാണുക.

ഉറപ്പിക്കാവതല്ല. ചിലപ്പോൾ എടുത്തുദ്ധരിക്കുന്നതിൽ അദ്ദേഹം മൃദുല സമീപനം സ്വീകരിച്ചെന്നുവരും.

എന്നാൽ ഇമാം അഹ്മദിൽ നിന്ന് സ്ഥിരപ്പെട്ടതും ഉറപ്പായതും സിഫാത്തുകൾ അതിന്റെ യാഥാർത്ഥ്യത്തിൽ തന്നെ സ്ഥിരീകരിക്കുകയും അവ വ്യാഖ്യാനിക്കാതിരിക്കുക എന്നതുമാണ്. ഊഹിച്ചെടുത്ത ഒരു കാര്യത്തിനുവേണ്ടിയും സ്ഥിരപ്പെട്ടിട്ടില്ലാത്ത ഒരു ഉദ്ധരണിക്കു വേണ്ടിയും ഉറപ്പായതും അറിയപ്പെട്ടതുമായ അദ്ദേഹത്തിന്റെ വീക്ഷണം ഉപേക്ഷിക്കപ്പെടാവതല്ല. അദ്ദേഹത്തിനാകട്ടെ ജഹ്മികൾക്കും സിന്തീക്കുകൾക്കും എതിരിൽ പ്രസിദ്ധവും പ്രസിദ്ധീകിരക്കപ്പെട്ടതും ആളുകൾക്കിടയിൽ കൈമാറ്റം ചെയ്യപ്പെട്ടതുമായ മറുപടി ഈ വിഷയത്തിൽ ഉണ്ട്.''

## 3. ശൈഖ് ഇബ്നു ബാസ് رحمه الله

ഇമാം ബൈഹഖിയുടെ 'അൽ ഇഅ്തിഖാദ്' എന്ന ഗ്രന്ഥത്തെ കുറിച്ച് ശൈഖ് ഇബ്നു ബാസ് പറഞ്ഞു[1]:

وأما ما وقع في كلام البيهقي رحمه الله في كتابه: (الاعتقاد) من هذه الأمور فهو مما دخل عليه من كلام المتكلمين وتكلفهم، فراج عليه واعتقد صحته، والحق أنه من كلام أهل البدع لا من كلام أهل السنة.

"എന്നാൽ ഇത്തരം വിഷയങ്ങളെ സംബന്ധിച്ച് ഇമാം ബൈഹഖി 'അൽ ഇഅ്തിഖാദ്' എന്ന തന്റെ ഗ്രന്ഥത്തിൽ പറഞ്ഞത് അദ്ദേഹത്തിനു വന്നു കിട്ടിയ മുതകല്ലിമുകളുടെ സംസാരങ്ങളും അവരുടെ അധികപ്പറ്റുകളുമാണ്. ഇതു അദ്ദേഹത്തിനു ലഭിച്ചപ്പോൾ, അതു സത്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. എന്നാൽ, യഥാർത്ഥത്തിൽ, അത് ബിദ്അത്തുകാരുടെ വാചകങ്ങളാണ്; സുന്നത്തിന്റെ ആളുകളുടേതല്ല."

ഇത്രയും വായിച്ചതിൽ നിന്നും അസ്മാഉ വസ്സ്വിഫാതിന്റെ വിഷയത്തിൽ ഇമാം ബൈഹഖിയെ[2] - വിശിഷ്യാ, അദ്ദേഹത്തിന് പിഴവ് പറ്റിയതിൽ – ജമാഅത്തെ ഇസ്‌ലാമി ഉദ്ധരിക്കുന്നതിന്റെ ഉദ്ദേശ്യശുദ്ധി മനസ്സിലാക്കാവുന്നതാണ്.

## കൗഥരി (ഹി. 1296–1371)

അദ്ദേഹത്തിന്റെ മുഴുവൻ പേര് മുഹമ്മദ് സാഹിദുബ്നു ഹസൻ അൽ കൗഥരി എന്നാണ്. ഉഥ്മാനി ഖിലാഫത് കാലത്തുള്ള ഹനഫി (മാതുരീദി) പണ്ഡിതനായിരുന്നു അദ്ദേഹം. ഉഥ്മാനി ഖിലാഫതിന്റെ പതനത്തോടെ അദ്ദേഹം കൈറോവിലേക്ക് പോയി. പിന്നീട് അദ്ദേഹം ശാമിലേക്ക് നീങ്ങിയെങ്കിലും അധികം താമസിയാതെ കൈറോവിലേക്ക് തന്നെ മടങ്ങി. അവിടെ വെച്ചാണ് അദ്ദേഹം ഫിഖ്ഹ്, ഹദീഥ്, ഉസൂൽ വിഷയങ്ങളിലുള്ള എണ്ണമറ്റ പുരാതന ഗ്രന്ഥങ്ങൾ പരിശോധിക്കുകയും പ്രസ്തുത ഗ്രന്ഥങ്ങൾ വെളിച്ചത്തു കൊണ്ടുവരികയും ചെയ്തത്. അദ്ദേഹം കടുത്ത അശ്അരി

---

[1] تنبيهات هامة على ما كتبه الشيخ محمد علي الصابوني في صفات الله عز وجل എന്ന അദ്ദേഹത്തിന്റെ ലേഖനത്തിലുള്ളതാണിത്.

[2] ഈ വിഷയത്തെ കുറിച്ച് കൂടുതൽ അറിയാൻ, ജാമിഅ മലിക് അബ്ദുൽ അസീസ് പ്രസിദ്ധീകരിച്ച അഹ്മദുബ്നു അത്വിയ്യ ഇബ്നു അലി അൽ ഗാമിദിയുടെ ഗവേഷണപ്രബന്ധമായ البيهقي وموقفه من الإلهيات കാണുക.

മദ്ഹബുകാരനായിരുന്നു. അതു കൊണ്ടു തന്നെ ഇബ്നു തൈമിയ്യ, ഇബ്നു ഖുസൈമ, പോലുള്ളവരോടുള്ള അദ്ദേഹത്തിന്റെ നിലപാട് കടുത്ത വിമർശന ബുദ്ധിയോടെ ഉള്ളതായിരുന്നു.

കൗഥരിയുടെ വ്യതിയാനങ്ങളും പുരാതന ഗ്രന്ഥങ്ങളിൽ അദ്ദേഹം നടത്തിയ കൈകടത്തലുകളും തുറന്നു കാട്ടിക്കൊണ്ട് അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാർ ധാരാളം ഖണ്ഡനങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ പെട്ട ഒരു ഗ്രന്ഥമാണ് الكوثري وتعديه على التراث وبيان حاله في مؤلفاته وتعليقاته. പുരാതനഗ്രന്ഥങ്ങൾക്ക് കൗഥരി നൽകിയ ദുർവ്യാഖ്യാനങ്ങളും അദ്ദേഹത്തിന്റെ തന്നെ പുസ്തകങ്ങളിലെ വ്യതിയാനങ്ങളുമാണ് പ്രസ്തുത ഗ്രന്ഥം ചർച്ച ചെയ്യുന്നത്. മുഹമ്മദ് ബഹ്ജത് അൽ ബൈത്വാർ, അബ്ദുർറഹ്മാൻ അൽ യമാനി, മുഹമ്മദ് അബ്ദുർറസാഖ് ഹംസ, ഹിസാമുദ്ദീൻ അൽ ഖുദ്സി, മുഹമ്മദ് നാസ്വിറുദ്ദീൻ അൽബാനി, എന്നിവരുടെ രചനകൾ ക്രോഡീകരിച്ചു കൊണ്ടുള്ളതാണ് ഈ ഗ്രന്ഥം. ഇനി, അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാർ അദ്ദേഹത്തെ കുറിച്ച് പറഞ്ഞതെന്താണെന്ന് കാണാം:

1. ശൈഖ് ബക്ർ അബൂ സൈദ് രചിച്ച براءة اهل السنة من الوقيعة في علماء الأمة എന്ന ഗ്രന്ഥത്തിന്റെ മുഖക്കുറിപ്പിൽ ശൈഖ് ഇബ്നു ബാസ് رحمه الله പറയുന്നു:

أما بعد: فقد اطلعت على الرسالة التي كتبتم بعنوان: (براءة أهل السنة من الوقيعة في علماء الأمة)، وفضحتم فيها المجرم الآثم محمد زاهد الكوثري بنقل ما كتبه من السبِّ والشَّتم والقذف لأهل العلم والإيمان واستطالته في أعراضهم وانتقاده لكتبهم إلى آخر ما فاه به ذلك الأفَّاك الأثيم عليه من الله ما يستحق، ..

"براءة أهل السنة من الوقيعة في علماء الأمة എന്ന പേരിൽ താങ്കൾ രചിച്ച പ്രബന്ധം ഞാൻ വായിച്ചു. കുറ്റവാളിയും പാപിയുമായ മുഹമ്മദ് സാഹിദ് അൽകൗഥരി എഴുതിയതായ ഇൽമും ഈമാനുമുള്ള പണ്ഡിതരെക്കുറിച്ചുള്ള അസഭ്യവും വ്യാജ ആരോപണവും ആ കൊടിയ പാപി പണ്ഡിതൻമാരുടെ ഗ്രന്ഥങ്ങൾക്ക് നടത്തിയ നിരൂപണവും അവരുടെ അഭിമാനത്തെ കടന്നാക്രമിച്ചതും എടുത്തുദ്ധരിച്ച് നിങ്ങൾ അയാളെ വിലകെടുത്തിയതും ഞാൻ വായിച്ചു…"

ശൈഖ് ബക്ർ അബൂ സൈദിന്റെ ഈ ഗ്രന്ഥം കൗഥരിക്കും അദ്ദേഹത്തിന്റെ ശിഷ്യനായ അബ്ദുൽ ഫത്താഹ് അബൂ ഗുദ്ദക്കുമുള്ള ഖണ്ഡനമാണ്.

2. അക്വീദതുത്ത്വഹാവിയ്യയുടെ വിവരണത്തിൽ കൗഥരിയെ കുറിച്ച് ശൈഖ് അൽബാനി رحمه الله പറയുന്നു:

فهو في العقيدة يتهمهم بالتشبيه والتجسيم، ويلقبهم في مقدمة «السيف الصقيل» (ص٥) بالحشوية السخفاء، ويقول عن كتاب «التوحيد» للإمام ابن خزيمة: «إنه كتاب الشرك»! أو يرمي نفس الإمام بأنه مجسم جاهل بأصول الدين !

"അയാൾ അഖീദയുടെ വിഷയത്തിൽ പണ്ഡിതൻമാരെ തശ്ബീഹിന്റെയും തജ്സീമിന്റെയും ആളുകളായി തെറ്റിദ്ധരിക്കുന്നു. വില കുറഞ്ഞ ബുദ്ധിയുടെയും പുറംപോക്കിന്റെയും വാക്താക്കളായിട്ടവരെ മുദ്രയടിക്കുന്നു. ഇമാം ഇബ്നു ഖുസൈമയുടെ كتاب التوحيد നെ അയാൾ പറയുന്നത് അത് كتاب الشرك ആണ് എന്നാണ്. ഇമാം ഇബ്നു ഖുസൈമയെ മുജസ്സിമെന്നും ദീനിന്റെ ഉസൂലൂകൽ അറിയാത്ത ജാഹിലെന്നും ആക്ഷേപിക്കുന്നു."

3. ശൈഖ് അബ്ദുല്ല അൽ ഹാശിദി തഹ്ഖീഖ് ചെയ്ത ബൈഹഖിയുടെ **الأسماء والصفات**[1] എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ ശൈഖ് മുഖ്ബിൽ رحمه الله പറയുന്നു:

فقد قام علماؤنا رحمهم الله بالرد على أئمة الضلال ؛ خصوصاً فيما يتعلق بالعقيدة، و كان من أجمع ما كتب فيما يتعلق بالأسماء والصفات: كتاب (الأسماء والصفات) للحافظ البيهقي رحمه الله، إلا أنه كان قد دنسه (محمد زاهد الكوثري) بتعليقاته الزائغة، وليس له هم إلا الرد على عقيدة أهل السنة، يقدح في الحديث الصحيح إذا كان مخالفًا لهواه، ويستدل بالحديث الضعيف إذا كان موافقًا لهواه، ويقدح في أعلام السنة ؛ مثل الإمام أبي بكر محمد بن خزيمة، وشيخ الإسلام ابن تيمية، ومن سلك مسلكهم من أئمة الهدى، ...

"വഴികേടിന്റെ നേതാക്കൾക്കെതിരിൽ മറുപടി നൽകുക എന്ന ബാധ്യത നമ്മുടെ പണ്ഡിതന്മാർ നിർവഹിച്ചിട്ടുണ്ട്. വിശിഷ്യാ അഖീദയുമായി ബന്ധപ്പെട്ട വിഷയത്തിൽ. അസ്മാഉ വസ്സിഫാത്തിന്റെ വിഷയത്തിൽ എഴുതപ്പെട്ട ഏറ്റവും ബൃഹത്തായ രചന ഇമാം ബൈഹഖിയുടെ അസ്മാഉ വസ്സിഫാത്തിന്റെ ഗ്രന്ഥമാകുന്നു. എന്നാൽ മുഹമ്മദ് സാഹിദ് അൽകൗഥരിയുടെ വ്യാജമായ അനുബന്ധകുറിപ്പുകളാൽ അയാൾ പ്രസ്തുത ഗ്രന്ഥത്തെ മലിനമാക്കി. അഹ്ലുസുന്നയുടെ അഖീദയെ എതിർക്കുക എന്ന ലക്ഷ്യം മാത്രമാണ് കൗഥരിക്കുള്ളത്. തന്റെ ഇച്ഛക്ക് എതിരാണെങ്കിൽ സ്വഹീഹായ ഹദീസിനു കുറവ് പറയുകയും ദുർബലമായ ഹദീസിനെ തന്റെ ഇച്ഛക്ക് അനുയോജ്യമായാൽ

---

[1] ഈ ഗ്രന്ഥത്തിൽ ശൈഖ് അൽ–ഹാശിദി വളരെ ചുരുങ്ങിയ വാക്കുകളിൽ ഇമാം ബൈഹഖിക്ക് വന്ന വിഴ്ചകളും പ്രതിപാതിക്കുന്നുണ്ട്.

അതുകൊണ്ട് തെളിവ് പിടിക്കുന്ന വ്യക്തിയാണ് അയാൾ. ഇമാം അബൂബക്കർ ഇബ്നു ഖുസൈമ, ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ പോലുള്ള സുന്നത്തിന്റെ നേതാക്കളെയും അവരുടെ മാർഗേണ ചലിച്ച നേതാക്കളെയും ആക്ഷേപിക്കുകയും ചെയ്യുന്നു അയാൾ.....''

കൗഥരിയുടെ കൃതികൾ അകീദയുടെ വിഷയത്തിൽ മാത്രമല്ല, ഫിഖ്ഹിന്റെയും ദീനിന്റെ മറ്റു ഉസ്വൂലുകളുടെയും വിഷയത്തിലും ആശ്രയിക്കാൻ കൊള്ളാത്തതാണെന്ന് മനസ്സിലാക്കാൻ ഇത്രയും തെളിവുകൾ പര്യാപ്തമാണ്.

## <u>السيف الصقيل في الرد على ابن زفيل എന്ന ഗ്രന്ഥം</u>

ഈ ഗ്രന്ഥത്തിന്റെ കർത്താവ് സുബ്കി തന്നെയാണോ എന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായഭിന്നതയുണ്ട്. ശൈഖ് ബക്ർ അബൂ സൈദ് رحمه الله ഇവ്വിഷയകമായി ചിലത് ചർച്ച ചെയ്തിട്ടുണ്ട്. എന്തു തന്നെയായാലും, ഈ ഗ്രന്ഥം ഇബ്നു ഖയ്യിം അൽ ജൗസിയ്യയുടെ സുപ്രസിദ്ധ കവിതയായ 'നൂനിയ്യ'യെ വിമർശിച്ചു കൊണ്ടുള്ളതാണ്. ഇബ്നുൽ ഖയ്യിമിന്റെ ഈ കവിതയാകട്ടെ, അസ്മാഉ വസ്സ്വിഫാതിന്റെ വിഷയത്തിൽ വ്യതിചലിച്ച ജഹ്മിയ്യ പോലുള്ള കക്ഷികളെ ഖണ്ഡിച്ചു കൊണ്ടുള്ളതാണ്.

ജമാഅത്തെ ഇസ്ലാമിയുടെ ലേഖകൻ തന്റെ കണ്ടെത്തലുകളെ സ്ഥാപിക്കാൻ ഇബ്നുൽ ഖയ്യിമിനെ ഖണ്ഡിക്കുന്ന ഈ ഒരു പുസ്തകം തന്നെ തെരഞ്ഞെടുത്തതിന്റെ പിന്നിലുള്ള ഗൂഢലക്ഷ്യം പറഞ്ഞറിയിക്കേണ്ടതില്ലാത്ത വിധം സുവ്യക്തമാണ്. ലേഖകൻ പരാമർശിച്ച രണ്ട് വ്യക്തിത്വങ്ങളുടെയും ഒരു ഗ്രന്ഥത്തിന്റെയും യാഥാർത്ഥ്യം നാം കണ്ടു കഴിഞ്ഞു. ഇനി ഇമാം അഹ്മദിന്റേതായി ബോധനം ലേഖകൻ ഉദ്ധരിച്ചതിലേക്ക് കടക്കാം.

> മാത്രമല്ല, താൻ നൽകിയ ഫത്വകൾക്കെതിരായി ചില അവസരങ്ങളിൽ ഇമാം അഹ്മദ് (റ) പ്രവർത്തിച്ചിട്ടുണ്ട്. ഉദാഹരണമായി അല്ലാഹുവിന്റെ (صفة) വിശേഷണം വ്യാഖ്യാനിക്കുന്നത് വിലക്കിയ അദ്ദേഹം അനിവാര്യഘട്ടത്തിൽ അപ്രകാരം ചെയ്തതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. സൂറത്തുൽ ഫജ്റിലെ وجاء ربك (താങ്കളുടെ രക്ഷിതാവ് വന്നാൽ) എന്നതിനു وجاء ثوابه (രക്ഷിതാവിന്റെ പ്രതിഫലം) എന്നു വ്യാഖ്യാനിച്ചതായി ബൈഹഖി റിപ്പോർട്ട് ചെയ്യുന്നു. അന്ത്യനാളിൽ സൂറത്തുൽ ബഖറഃ ആഗതമാവും എന്ന പ്രവാചക വചനത്തിനു 'അതിന്റെ പ്രതിഫലം' എന്ന് വിശദീകരണം നൽകിയിരിക്കുന്നു.

ഇതു യഥാർത്ഥത്തിൽ ഇമാം അഹ്മദിന്റെ വാക്കുകളാണോ? അദ്ദേഹത്തിന്റേത് തന്നെയാണ് ഈ വാക്കുകളെങ്കിൽ, അദ്ദേഹം അതു പറയാനുണ്ടായ സാഹചര്യമെന്താണ്? അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാർ അതിനെ എങ്ങനെയാണ് വിശദീകരിച്ചത്? അവയിലേക്കു കടക്കുന്നതിനു മുമ്പായി ഈ ഹദീഥും അതിന്റെ വിശദീകരണവും പരിശോധിക്കാം.

അബീഉമാമഃ അൽബാഹിലിﷺയിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറയുന്നത് കേട്ടു:

« ....اقْرَءُوا الزَّهْرَاوَيْنِ الْبَقَرَةَ وَسُورَةَ آلِ عِمْرَانَ فَإِنَّهُمَا تَأْتِيَانِ يَوْمَ الْقِيَامَةِ كَأَنَّهُمَا غَمَامَتَانِ أَوْ كَأَنَّهُمَا غَيَايَتَانِ أَوْ كَأَنَّهُمَا فِرْقَانِ مِنْ طَيْرٍ صَوَافَّ تُحَاجَّانِ عَنْ أَصْحَابِهِمَا ....»

((.......സഹ്റാവൈനി അഥവാ സൂറത്തുൽബഖറയും ആലുഇംറാനും നിങ്ങൾ പാരായണം ചെയ്യുക. കാരണം അവ രണ്ടും അന്ത്യനാളിൽ രണ്ട് കാർമുഖിൽ പൊലെ അല്ലെങ്കിൽ രണ്ട് തണലുകൾ പൊലെ അതല്ലായെങ്കിൽ അണികളായുള്ള രണ്ട് പക്ഷികൂട്ടങ്ങൾ പോലെ വരും. അവ രണ്ടും അവയുടെ ആളുകൾക്കുവേണ്ടി പ്രതിരോധിക്കുകയും തർക്കികയും ചെയ്യും...)) (മുസ്ലിം)

കർമങ്ങൾ തൂക്കുന്നത് സംബന്ധിച്ച് വിശദീകരിക്കവേ, കർമങ്ങളും മരണം പോലുള്ള പ്രതിഭാസങ്ങളും സാക്ഷാൽ വസ്തുക്കളാക്കി പരിവർത്തിപ്പിച്ച ശേഷമാണ് തൂക്കുകയെന്ന് സുന്നത്തിൽ നിന്നുള്ള തെളിവുദ്ധരിച്ചു കൊണ്ട് അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാർ വ്യക്തമാക്കി.

ഉദാഹരണത്തിന്, മരണത്തെ സംബന്ധിച്ച് സ്വഹീഹുൽ ബുഖാരിയിലും മുസ്ലിമിലുമുള്ള ഒരു ഹദീഥ് കാണുക:

عن أبي سعيد الخدري رضي الله عنه قال : قال رسول الله صلى الله عليه وسلم : " يؤتى بالموت كهيئة كبش أملح فينادي مناد : يا أهل الجنة فيشرئبون وينظرون ، فيقول : هل تعرفون هـــذا ؟ فيقولون : نعم هذا الموت ، وكلهم قد رآه ، ثم ينادي : يا أهل النار فيشرئبون وينظرون ، فيقول : هل تعرفون هذا؟ فيقولون : نعم هذا الموت ، وكلهم قد رآه ، فيذبح ، ثم يقول : يا أهل الجنة خلود فلا موت ، ويا أهل النار خلود فلا موت

അബൂ സഈദിൽ ഖുദ്രിയിﷺൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: “വെളുപ്പും കറുപ്പും കലർന്ന നിറമുള്ള മുട്ടനാടിന്റെ രൂപത്തിൽ മരണം കൊണ്ടുവരപ്പെടും. അപ്പോൾ ഒരാൾ വിളിച്ചു പറയും, സ്വർഗവാസികളെ! അതോടെ അവർ പ്രതീക്ഷാപൂർവം നോക്കും. അപ്പോൾ പറയും, ഇതു നിങ്ങൾക്കു അറിയുമോ? അവർ പറയും, അതെ ഇതു മരണമാണ്. അവരെല്ലാവരും അതിനെ കണ്ടിരിക്കുന്നു. വീണ്ടും വിളിക്കും, നരകവാസികളെ! അതോടെ അവർ പ്രതീക്ഷാപൂർവം നോക്കും. അപ്പോൾ പറയും, ഇതു നിങ്ങൾക്കു അറിയുമോ? അവർ പറയും, അതെ ഇതു മരണമാണ്. അവർ എല്ലാവരും അതിനെ കണ്ടിരിക്കുന്നു. അതോടെ അതു അറക്കപ്പെടും. എന്നിട്ടു ഇങ്ങനെ പറയും: ഹേ സ്വർഗവാസികളെ! നിത്യജീവിതമാണ് ഇനി മരണമില്ല. ഹേ നരകവാസികളെ! നിത്യജീവിതമാണ് ഇനി മരണമില്ല.” (ബുഖാരി, മുസ്ലിം)

ഇമാം അഹ്മദിന്റെ നിലപാടിനെ ദുർവ്യാഖ്യാനിക്കുന്നതിനു വേണ്ടി ബോധനം ഉപയോഗിച്ച അതേ ഹദീഥ്[1] തന്നെയാണ് ക്വിയാമത്ത് നാളിൽ കർമങ്ങൾ തൂക്കുന്നത് സംബന്ധിച്ച് വിശദീകരിക്കുന്നതിന് ശൈഖ് ഹാഫിദ് അൽ ഹകമിയും ഉപയോഗിച്ചത്.

معارج القبول എന്ന ഗ്രന്ഥത്തിൽ നിന്നുള്ള ശൈഖ് ഹാഫിദ് അൽഹകമിയുടെ വാക്കുകൾ കാണുക:

قال الترمذي رحمه الله تعالى : معنى هذا الحديث عند أهل العلم أنه يجيء ثواب قراءته ، كذا فسر بعض أهل العلم هذا الحديث وما يشبه هذا من الأحاديث أنه يجيء ثواب قراءة القرآن . وفي حديث النواس بن سمعان عن النبي صلى الله عليه وسلم ما يدل على ما فسروا إذ قال النبي صلى الله عليه وسلم : (وأهله الذين يعملون به في الدنيا ) ففي هذا دلالة أنه يجيء ثواب العمل . أ.هـ . ولا مانع من كون الآتي العمل نفسه كما هو ظاهر الحديث ، فأما أن الآتي هو كلام الله نفسه فحاشا وكلا ومعاذ الله ، لأن كلامه تعالى صفته ليس بمخلوق ، والذي يوضع في الميزان هو فعل العبد وعمله .

"ഇമാം തുർമുദി പറയുന്നു: പണ്ഡിതന്മാരുടെ അടുക്കൽ ഈ ഹദീസിന്റെ അർത്ഥം ഖുർആൻ പാരായണത്തിന്റെ പ്രതിഫലം വരും എന്നാണ്. ഇപ്രകാരം ഈ ഹദീസിനെയും ഇതുപോലുള്ള ഹദീസുകളെയും ഖുർആൻ പാരായണത്തിന്റെ പ്രതിഫലം വരും എന്നാണ് ചിലർ വിവരിച്ചത്. നബി(ﷺ)യിൽ റിപ്പോർട്ട് ചെയ്യപ്പെട്ട നവ്വാസിന്റെ ഹദീസിൽ അവരുടെ വിവരണത്തെ അറിയിക്കുന്നതായ ഭാഗമുണ്ട്. നബി(ﷺ) പറയുന്നു: "ഖുർആൻ കൊണ്ട് ദുൻയാവിൽ കർമങ്ങൾ അനുഷ്ഠിക്കുന്നതായ ഖുർആനിന്റെ ആളുകൾ വരും". കർമങ്ങളുടെ പ്രതിഫലം വരും എന്നതിന് ഇതിൽ തെളിവുണ്ട്. ഹദീഥിന്റെ ബാഹ്യം അറിയിക്കുന്നത്പോലെ വരുന്നത് കർമം തന്നെയാണ് എന്ന് പറയുന്നതിനും തടസ്സമില്ല. എന്നാൽ വരുന്നത് അല്ലാഹുവിന്റെ കലാം(വചനം) തന്നെയാണ് എന്നത് ഒരിക്കലുമില്ല. അല്ലാഹുവേ നിന്റെ കാവൽ. കാരണം അല്ലാഹുവിന്റെ കലാം അത് അല്ലാഹുവിന്റെ സിഫത്താണ്. സൃഷ്ടിയല്ല. മീസാനിൽ വെക്കപ്പെടുന്നതാകട്ടെ ദാസന്റെ കർമവും പ്രവർത്തിയുമാണ്."

മജ്മൂഉ ഫതാവ (5/398)യിൽ ഇബ്നു തൈമിയ്യ رحمه الله പറയുന്നു:

"അൽ ബക്വറയുടെയും ആലു ഇംറാനിന്റെയും പ്രതിഫലം വരും എന്നാണ് അഹ്മദും സുന്നത്തിന്റെ മറ്റു പണ്ഡിതന്മാരും ഈ ഹദീഥിനെ വ്യാഖ്യാനിച്ചത്. ഏതു പോലെയെന്നാൽ, ഖബറിലും ക്വിയാമത്തുനാളിലും വെച്ച് ഒരാളുടെ കർമങ്ങൾ കൊണ്ടു വരപ്പെടും എന്നതിന് ആ കർമങ്ങളുടെ പ്രതിഫലം കൊണ്ടു വരപ്പെടും എന്നർത്ഥം പറയുന്ന രൂപത്തിൽ. നബി(ﷺ) പറഞ്ഞു: "സൂറത്തുൽബക്വറയും ആലുഇംറാനും നിങ്ങൾ പാരായണം ചെയ്യുക. കാരണം അവ രണ്ടും അന്ത്യനാളിൽ രണ്ട് കാർമുഖിൽ പൊലെ അല്ലെങ്കിൽ രണ്ട് തണലുകൾ പൊലെ അതല്ലായെങ്കിൽ അണികളായുള്ള രണ്ട് പക്ഷികൂട്ടങ്ങൾ പോലെ വരും. അവ രണ്ടും അവയുടെ ആളുകൾക്കുവേണ്ടി പ്രതിരോധിക്കുകയും തർക്കിക്കുകയും ചെയ്യും.

[1] സൂറ അൽ-ബഖറ സൂറ ആൽ-ഇമ്രാൻ എന്നിവയെ പരാമർശിക്കുന്ന മുകളിൽ ഉദ്ധരിച്ച ഹദീഥാകുന്നു ഉദ്ദേശം.

ഈ ഹദീഥ് സ്വഹീഹിലുള്ളതാണ്. സൂറത്തുൽബക്വറയും ആലുഇംറാനും പാരായണം ചെയ്യാനുള്ള കൽപനയുള്ളതോടൊപ്പം തന്നെ അവ രണ്ടും അവയുടെ ആളുകൾക്കു വേണ്ടി പ്രതിരോധിക്കുകയും തർക്കിക്കുകയും ചെയ്യും എന്നു കൂടി അതിൽ പറഞ്ഞിട്ടുള്ളതിനാൽ അത് വ്യക്തിയുടെ പാരായണമാണ് ഉദ്ദേശിച്ചത് എന്ന് വ്യക്തമാണ്. വ്യക്തിയുടെ പാരായണമെന്നത് അവന്റെ കർമ്മമാണ്. മറ്റു കർമ്മങ്ങളെല്ലാം വരുന്നത് പോലെത്തന്നെ, പാരായണമാകുന്ന അവന്റെ കർമ്മവും നബി(ﷺ) പറഞ്ഞ രൂപത്തിൽ വരുമെന്നാണ് ഇത് പഠിപ്പിക്കുന്നത്. ''

സാക്ഷാൽ വസ്തുക്കളാക്കി നമ്മുടെ കർമങ്ങളെ പരിവർത്തിപ്പിക്കുമെന്നാണ്[1] ഇതിൽ നിന്നും നമുക്ക് മനസ്സിലാകുന്നത്. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ, ക്വുർആൻ പാരായണം (സൂറ. ബക്വറയും ആലു ഇംറാനും) എന്ന കർമം രണ്ട് മേഘങ്ങളുടെ രൂപത്തിൽ വരും. ക്വുർആൻ പാരായണത്തിന്റെ പ്രതിഫലമാണ് മേഘങ്ങളുടെ രൂപത്തിൽ വരുന്നതെന്ന് ഇമാം തിർമിദിയെ പോലുള്ള പണ്ഡിതന്മാർ ഇതിനെ വ്യാഖ്യാനിച്ചിട്ടുണ്ട്.

എന്നാൽ, (സൂറ. ബക്വറയും സൂറ. ആലുഇംറാനും അഥവാ) അല്ലാഹുവിന്റെ വചനങ്ങളാണ് മേഘങ്ങളുടെ രൂപത്തിൽ വരുന്നതെന്ന ആശയത്തെ എല്ലാവരും ഒരു പോലെ തള്ളിക്കളഞ്ഞിട്ടുണ്ട്.

കാര്യങ്ങൾ വളരെ വ്യക്തമാണ്.

## ഇമാം അഹ്മദ് رَحِمَهُ ٱللَّٰهُ പറഞ്ഞതിനു പിന്നിലെ സാഹചര്യം

ഈ റിപ്പോർട്ടിന്റെ സാഹചര്യം ഇപ്രകാരമാണ്:

അല്ലാഹു സ്രഷ്ടാവാണ്; സൃഷ്ടിയല്ല എന്ന് ജഹ്മികൾ വിശ്വസിച്ചിരുന്നു. എന്നാൽ, 'ക്വുർആൻ സൃഷ്ടിയാണ്; അല്ലാഹുവിന്റെ വചനമല്ല' എന്നാണ് അവർ വിശ്വസിച്ചിരുന്നത്. ക്വുർആൻ സൃഷ്ടിയാണെന്നതിന് തെളിവായി അവർ ഈ ഹദീഥുകളെ ദുർവ്യാഖ്യാനിച്ചു. ഈ ഹദീഥിലുള്ളതു പോലെ, ക്വുർആൻ വരികയും പോകുകയും ചെയ്യുന്നു എന്നതാണ് ക്വുർആൻ സൃഷ്ടിയാണെന്ന് വാദിക്കാൻ അവരെ പ്രേരിപ്പിച്ചത്. അങ്ങനെയാണെങ്കിൽ, അല്ലാഹു മലക്കുകളോടൊപ്പം വരും[2] എന്ന ക്വുർആനിക വചനത്തിന്റെ അടിസ്ഥാനത്തിൽ - അവരുടെ വാദപ്രകാരം - അല്ലാഹുവും ഒരു സൃഷ്ടിയാണെന്ന് പറയേണ്ടി വരും (നഊദു ബില്ലാഹ്). ഈ ഒരു മറുചോദ്യം ഉന്നയിച്ചുകൊണ്ടാണ് ഇമാം അഹ്മദ് അവരെ ഖണ്ഡിച്ചത്. അത് അവരെ വെട്ടിലാക്കി. അതിനാൽ, ആ വചനത്തെ അവർ ഇപ്രകാരം വ്യാഖ്യാനിച്ചു: "ഈ വചനത്തിൽ 'വരും' എന്ന് പറഞ്ഞത് അല്ലാഹുവല്ല; മറിച്ച് അവന്റെ കൽപനകളാണ്." അപ്പോൾ ഇമാം അഹ്മദ് അവരോട് ഇപ്രകാരം തിരിച്ചു ചോദിച്ചു: "അങ്ങനെയാണെങ്കിൽ, ക്വുർആൻ വരും എന്ന് പറഞ്ഞിടത്ത് എന്തു കൊണ്ട് ക്വുർആൻ പാരായണത്തിന്റെ പ്രതിഫലം വരും എന്ന് അവർക്ക് പറഞ്ഞു കൂടാ?"!! ഇമാം അഹ്മദിന്റെ ഈ ചോദ്യം അവരെ അങ്കലാപ്പിലാക്കി.

[1] കൂടുതൽ അറിയാൻ അനുബന്ധം–1 കാണുക.

[2] وَجَاءَ رَبُّكَ وَالْمَلَكُ صَفًّا صَفًّا (നിന്റെ രക്ഷിതാവും, അണിയണിയായി മലക്കുകളും വരുകയും, (സൂറ. ഫജ്ർ :22))

## <u>ചരിത്രം ഇബ്നു തൈമിയ്യയുടെ വാക്കുകളിലൂടെ</u>

മജ്മൂഉ ഫതാവ (8/408)യിൽ ഇബ്നു തൈമിയ്യ ഈ സംഭവം ഇപ്രകാരം വിവരിക്കുന്നു:

''ക്വുർആൻ സൃഷ്ടിയാണെന്ന് വാദിച്ചു കൊണ്ട് ഇമാം അഹ്മദിനോടും അഹ്‌ലു സ്സുന്നത്തിന്റെ മറ്റു പണ്ഡിതന്മാരോടും ജഹ്മികൾ തർക്കിക്കാൻ അടിസ്ഥാനമാക്കുന്നത് നബിയുടെ ഈ വാക്കുകളാണ്: "അൽ ബക്വറയും ആലു ഇംറാനും അന്ത്യനാളിൽ രണ്ട് കാർമുകിൽ പൊലെ അല്ലെങ്കിൽ രണ്ട് തണലുകൾ പൊലെ അതല്ലായെങ്കിൽ അണികളായുള്ള രണ്ട് പക്ഷികൂട്ടങ്ങൾ പോലെ വരും" അല്ലെങ്കിൽ "ക്വുർആൻ ഒരു ദുർബ്ബലനായ മനുഷ്യനെ പോലെ വരും".

ജഹ്മികൾ പറഞ്ഞു: വരികയും പോകുകയും ചെയ്യുന്നുണ്ടെങ്കിൽ, അത് സൃഷ്ടി തന്നെയാണ്.

അല്ലാഹു വരികയും പോകുകയും ചെയ്യുന്നതായി അല്ലാഹു തന്നെ പറയുന്നത് ഇമാം അഹ്മദ് അവരെ ഓർമ്മിപ്പിച്ചു:

﴿ هَلْ يَنظُرُونَ إِلَّآ أَن تَأْتِيَهُمُ ٱلْمَلَٰٓئِكَةُ أَوْ يَأْتِىَ رَبُّكَ أَوْ يَأْتِىَ بَعْضُ ءَايَٰتِ رَبِّكَ ۗ يَوْمَ يَأْتِى بَعْضُ ءَايَٰتِ رَبِّكَ ﴾

''തങ്ങളുടെ അടുക്കൽ മലക്കുകൾ വരുന്നതോ, നിന്റെ രക്ഷിതാവ് തന്നെ വരുന്നതോ, നിന്റെ രക്ഷിതാവിന്റെ ഏതെങ്കിലുമൊരു ദൃഷ്ടാന്തം വരുന്നതോ അല്ലാതെ മറ്റെന്താണവർ കാത്തിരിക്കുന്നത്?'' (സൂറ. അൻആം: 158)

﴿ وَجَآءَ رَبُّكَ وَٱلْمَلَكُ صَفًّا صَفًّا ﴾

''നിന്റെ രക്ഷിതാവും, അണിയണിയായി മലക്കുകളും വരുകയും,'' (സൂറ. ഫജ്ർ :22)

എന്നാൽ, ഈ തെളിവുകളുപയോഗിച്ച് അല്ലാഹു സൃഷ്ടിയാണെന്ന് ഒരിക്കലും വാദിച്ചു കൂടാ. പകരം, അവന്റെ കൽപനയോ വിധിയോ വരും എന്നേ പറയാൻ സാധിക്കുകയുള്ളൂ. ഈ ഒരു വ്യാഖ്യാനം തന്നെയാണ് ക്വുർആൻ സൃഷ്ടിയാണെന്ന് വാദിക്കുന്ന മുഅ്തസലിയാക്കളും ഈ വചനത്തിന് നൽകുന്നത്. എന്നിട്ടും എന്തു കൊണ്ട് 'ക്വുർആൻ വരുന്നു' എന്നതിന് 'ക്വുർആന്റെ കൽപന വരുന്നു' എന്നർത്ഥം പറയുന്നില്ല? 'അൽ ബക്വറയും ആലു ഇംറാനും വരും' എന്നതു കൊണ്ട് ഉദ്ദേശി ക്കുന്നത് അവയുടെ പ്രതിഫലം വരും എന്ന് തന്നെയാണ്. ആ പ്രതിഫലമാകട്ടെ, സൃഷ്ടിയാണു താനും. ഒന്നിലധികം പണ്ഡിതന്മാർ ഇപ്രകാരം അതിനെ വ്യാഖ്യാനിച്ചിട്ടുണ്ട്. ക്വുർആൻ വരികയും പോകുകയും ചെയ്യുന്നു എന്നതിനാൽ ക്വുർആൻ ഒരു സൃഷ്ടിയാണെന്ന് വാദിക്കുന്ന ജഹ്മികൾക്ക് മറുപടി പറയുമ്പോൾ, 'അൽ ബക്വറയും ആലു ഇംറാനും വരും' എന്നതിന്റെ അർത്ഥം അവയുടെ പ്രതിഫലം വരും എന്നാണെന്ന് ആ പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.'' (ഇബ്നു തൈമിയ്യയുടെ വാക്കുകൾ ഇവിടെ അവസാനിക്കുന്നു)

ചുരുക്കത്തിൽ, എതിരാളികളുടെ സ്വന്തം വിശ്വാസസംഹിതകൾ ഉപയോഗിച്ചു കൊണ്ട് തന്നെ അവരെ പരാജയപ്പെടുത്താനാണ് ഇമാം അഹ്മദ് ഈ വാദം ഉന്നയിച്ചത്. അതല്ലാതെ, അല്ലാഹു വരും എന്നതിന്റെ ഉദ്ദേശം അല്ലാഹുവിന്റെ കൽപന, അതല്ലെങ്കിൽ

അല്ലാഹുവിന്റെ ശക്തി വരും എന്നാണെന്ന് അദ്ദേഹം ഒരിക്കലും വിശ്വസിച്ചിരുന്നില്ല. പ്രത്യുത, അല്ലാഹു യഥാർത്ഥത്തിൽ വരും എന്നു തന്നെയാണ് അദ്ദേഹം വിശ്വസിച്ചിരുന്നത്.

وجاءربك എന്ന വചനവുമായി ബന്ധപ്പെട്ട ഹമ്പലിന്റെ റിപ്പോർട്ടിനെ കുറിച്ചും അത് ഇമാം അഹ്മദിലേക്ക് ചേർത്തു പറയുന്നതിനെ കുറിച്ചും ക്വാളീ അബൂ യഅ്ലക്ക് പറയാനു ള്ളത് കാണുക[1]:

١٢٠ ــ وقد قال أحمد في رواية حنبل في قوله ﴿وجاء ربك﴾ قال: قدرته قال أبواسحاق بن شاقلا هذا غلط من حنبل لا شك فيه، وأراد أبواسحق بذلك أن مذهبه حمل الآية على ظاهرها في مجيىء الذات هذا ظاهر كلامه والله أعلم.

"وجاء ربك എന്ന വചനത്തിന്റെ തഫ്സീറിൽ ഹമ്പലിൽ[2] നിന്നുള്ള രിവായത്തിൽ ഹമ്പൽ പറഞ്ഞതായി ഇമാം അഹ്മദ് പറയുന്നു: وجاء ربك (നിന്റെ റബ്ബ് വന്നിരിക്കുന്നു) എന്നാൽ റബ്ബിന്റെ കഴിവ് വന്നിരിക്കുന്നു (എന്നാകുന്നു). അബൂ ഇസ്ഹാഖ് ഇബ്നു ശാഖില്ല പറഞ്ഞു: ഇത് ഹമ്പലിൽ[3] നിന്നുള്ള പിഴവാകുന്നു. അതിൽ യാതൊരു സംശയവുമില്ല. അബൂ ഇസ്ഹാഖ് ഇത് കൊണ്ട് ഉദ്ദേശിച്ചത് അദ്ദേഹത്തിന്റെ[4] മദ്ഹബ് അല്ലാഹുവിന്റെ വരവിന്റെ വിഷയത്തിൽ ആയത്തിനെ അതിന്റെ ബാഹ്യാർത്ഥത്തിൽ തന്നെ സ്വീകരിക്കണമെന്നാണ്. ഇത് അദ്ദേഹത്തിന്റെ വാക്കിൽ തന്നേ പ്രകടമാണ്. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ."

അതിനാൽ, ഇത് ഇമാം അഹ്മദിലേക്ക് ചേർത്തു പറയുന്നതിനെ (താഴെയുള്ള ഉദ്ധരണിയിൽ ബോധനം ലേഖകൻ ചെയ്തതുപോലെ) പണ്ഡിതന്മാരും ഹമ്പലി മദ്ഹബിന്റെ ആളുകളും എതിർക്കുന്നു. ഇനി, ആ റിപ്പോർട്ടിന്റെ പരമ്പര(سند)യും അതിനെ സംബന്ധിച്ചുള്ള പണ്ഡിതന്മാരുടെ വീക്ഷണവും പരിശോധിക്കാം:

---

[1] ഈ ഉദ്ധരണി ക്വാളീ അബൂ യഅ്ലയുടെ **إبطال التأويلات لأخبار الصفات** എന്ന ഗ്രന്ഥത്തിൽ നിന്നുള്ളതാണ്.

[2] ഹമ്പൽ ഇബ്നു ഇസ്ഹാക്വ്

[3] ഹമ്പൽ ഇബ്നു ഇസ്ഹാക്വ്

[4] ഇമാം അഹ്മദിന്റെ

മാത്രമല്ല, താൻ നൽകിയ ഫത്‌വകൾക്കെതിരായി ചില അവസരങ്ങളിൽ ഇമാം അഹ്മദ് (റ) പ്രവർത്തിച്ചിട്ടുണ്ട്. ഉദാഹരണമായി അല്ലാഹുവിന്റെ (صفة) വിശേഷണം വ്യാഖ്യാനിക്കുന്നത് വിലക്കിയ അദ്ദേഹം അനിവാര്യഘട്ടത്തിൽ അപ്രകാരം ചെയ്തതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. സൂറത്തുൽ ഫജ്‌റിലെ وجاء ربك (താങ്കളുടെ രക്ഷിതാവ് വന്നാൽ) എന്നതിനു وجاء ثوابه (രക്ഷിതാവിന്റെ പ്രതിഫലം) എന്നു വ്യാഖ്യാനിച്ചതായി ബൈഹഖി റിപ്പോർട്ട് ചെയ്യുന്നു. അന്ത്യനാളിൽ സൂറത്തുൽ ബഖറഃ ആഗതമാവും എന്ന പ്രവാചക വചനത്തിനു 'അതിന്റെ പ്രതിഫലം' എന്ന് വിശദീകരണം നൽകിയിരിക്കുന്നു.

1. ഈ റിപ്പോർട്ടിന്റെ പരമ്പരയെ കുറിച്ച്: ഹമ്പൽ ഇബ്നു ഇസ്ഹാക് എന്ന നിവേദകൻ വിശ്വസ്തനാണെങ്കിലും, അദ്ദേഹത്തിന്റെ ഈ പ്രസ്താവന ഇവ്വിഷയകമായി അഹ്മദ് ഇബ്നു ഹമ്പലിൽനിന്നും മുതവാതിറായി ഉദ്ധരിക്കപ്പെട്ടതിന് എതിരാണ് എന്നാണ് പണ്ഡിതന്മാർ പറയുന്നത്.

അതിനെ കുറിച്ച് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ തന്റെ മജ്മൂഉ ഫതാവ (5/401)യിൽ പറയുന്നത് കാണുക:

يقول شيخ الإسلام ابن تيمية : " لا ريب أن المنقول المتواتر عن أحمد يناقض هــذه الرواية ويبين أنه لا يقول : إن الرب يجيء ويأتي ويترل أمره ، بل هو ينكر على من يقــول ذلك " . (٢)

"നിസ്സംശയം ഇമാം അഹ്മദിൽ നിന്നും മുതവാത്തിറായി ഉദ്ധരിക്കപ്പെട്ടത് ഈ റിപ്പോർട്ടിന് എതിരാകുന്നു. നിശ്ചയം റബ്ബ് വരികയും എത്തുകയും അവന്റെ കൽപന ഇറങ്ങുകയും ചെയ്യും എന്ന് ഇമാം പറയുകയില്ല എന്നത് പ്രസ്തുത (മുതവാത്തിറായ) റിപ്പോർട്ട് വ്യക്തമാക്കുകയും ചെയ്യുന്നു. അത് മാത്രമല്ല. അപ്രകാരം പറയുന്നവരെ ഇമാം അഹ്മദ് എതിർക്കുന്നുമുണ്ട്."

വീണ്ടും അദ്ദേഹം പറയുന്നു (മജ്മൂഉ ഫതാവ (5/409)):

وقال : " الصواب أن جميع هذه التأويلات مبتدعة ، و لم يقل أحد من الصحابة شيئاً منها ، ولا أحد من التابعين لهم بإحسان ، وهي خلاف المعروف المتواتر عن أئمـــة السنة والحديث ، أحمد بن حنبل وغيره من أئمة السنة .

ولكن بعض الخائضين بالتأويلات الفاسدة يتشبث بألفاظ تنقل عن بعض الأئمـــة ، وتكون إما غلطاً أو محرفة " . (٣)

"ഇത്തരം എല്ലാ വ്യാഖ്യാനങ്ങളും ബിദ്അത്താകുന്നു എന്നതാണ് ശരി. സ്വഹാബികളിലോ, അവരെ യഥാവിധം പിൻപറ്റിയ താബിഉകളിലോ പെട്ട ആരും

തന്നെ അത്തരമൊരു വ്യാഖ്യാനം പറഞ്ഞിട്ടില്ല. സുന്നത്തിന്റെയും ഹദീഥിന്റെയും നേതാക്കളായ ഇമാം അഹ്മദിൽ നിന്നും മറ്റും മുതവാത്തിറായി അറിയപ്പെട്ടത് ഇതിന്നെതിരാകുന്നു (ഈ വ്യാഖ്യാനങ്ങൾക്ക്). എന്നാൽ ദുർവ്യാഖ്യാനങ്ങളിൽ മുഴുകിയ ചിലർ ചില നേതാക്കളിൽ നിന്നും ഉദ്ധരിക്കപ്പെടുന്ന പദപ്രയോഗങ്ങളിൽ പിടിച്ച് തൂങ്ങുന്നു. പ്രസ്തുത പ്രയോഗങ്ങളാകട്ടെ ഒന്നുകിൽ അബദ്ധമായിരിക്കും അല്ലെങ്കിൽ കോട്ടിമാട്ടിയതായിരിക്കും."

ഈ റിപ്പോർട്ടിനെ സംബന്ധിച്ച് ഖല്ലാൽ പറയുന്നതു കാണുക[1]:

" جاء حنبل عن أحمد بمسائل أجاد فيها الرواية ، وأغرب "

"ഹമ്പൽ[2] ഇമാം അഹ്മദിൽ നിന്ന് ചില മസ്അലകൾ കൊണ്ട് വന്നിട്ടുണ്ട്. അത് റിപ്പോർട്ട് നന്നാക്കുകയും (എന്നാൽ അതിൽ ഇമാം അഹ്മദിനെ തൊട്ട്) അപരിചിതമായ വാദങ്ങൾ ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്."

2. ഇമാം അഹ്മദിൽ നിന്നുള്ള ഈ പ്രസ്താവന സത്യമാണെങ്കിൽ തന്നെ, അത് തങ്ങളുടെ ഇഛകൾക്കനുസരിച്ച് സന്ദർഭത്തിൽ നിന്നും അടർത്തി മാറ്റിയതാണ്. ബോധനം ലേഖകനും അത് തന്നെയാണ് ചെയ്തത്.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ പറയുന്നു:

فأحمد ذكر ذلك على وجه المعارضة والإلزام لخصومه بما يعتقدونه في نظير ما احتجوا به عليه لا أنه يعتقد ذلك ، والمعارضة لا تستلزم اعتقاد المعارض صحة ما عارض به " .

''എന്നാൽ ഇമാം അഹ്മദ്, എതിർക്കുവാനും പ്രതിയോഗികൾ വിശ്വസിക്കുന്നത് അവർ അദ്ദേഹത്തിന്നെതിരിൽ തെളിവുദ്ധരിച്ച അതേ രീതിയിൽ അവരെകൊണ്ട് സമ്മതിപ്പിക്കുവാനുമാണ് ഇത് പറഞ്ഞത്. അല്ലാതെ അത് വിശ്വസിക്കുന്നു എന്ന നിലക്കല്ല. എതിർവാദം ഉന്നയിക്കൽ ആ ഉന്നയിക്കുന്ന വ്യക്തി താൻ ഉന്നയിച്ചത് ശരിയാണെന്ന് വിശ്വസിക്കുന്നു എന്നതിനെ അനിവാര്യമാക്കുന്നില്ല.''

3. ഹമ്പലുബ്നു ഇസ്ഹാക്വിൽ നിന്നു തന്നെയുള്ള മറ്റു റിപ്പോർട്ടുകൾക്കും എതിരാണിത്. ഇത് ഇബ്നുൽ ഖയ്യിം തന്റെ اجتماع الجيوش الإسلامية (1/131,132) എന്ന ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നു:

---

[1] ഈ ഉദ്ധരണി താരീഖ് ബഗ്ദാദ് (8/286) എന്ന ഗ്രന്ഥത്തിൽ നിന്നുള്ളതാണ്.

[2] ഹമ്പൽ ഇബ്നു ഇസ്ഹാക്

وحنبل نفسه يقول : " سألت أبا عبدالله عن الأحاديث التي تروى أن الله سبحانه يتزل ألى سماء الدنيا ، وأن الله يُرى ، وأن الله يضع قدمه ، وما أشبه هذه الأحاديث ، فقال أبو عبدالله : نؤمن بها ولا نرد منها شيئاً ، ونعلم أن ما جاء به رسول الله ﷺ حق إذا كانت أسانيد صحاح ، و لانرد على الله قوله ، ولا يُوصف بأكثر مما وصف به نفسه بلا حد ولا غاية ﴿ لَيْسَ كَمِثْلِهِۦ شَىْءٌ ۖ وَهُوَ ٱلسَّمِيعُ ٱلْبَصِيرُ ﴾ (٢) " (٣)

ഹമ്പൽ[1] തന്നെയും പറയുന്നു: ‘‘’അല്ലാഹു ഭൂമിയോട് അടുത്ത ആകാശത്തിലേക്ക് ഇറങ്ങും’ ‘അല്ലാഹു കാണപ്പെടും’ ‘അല്ലാഹുവിന്റെ പാദം വെക്കും’ തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെടുന്നതായ ഹദീഥുകളെകുറിച്ച്’’ ഞാൻ ഇമാം അഹ്മദിനോട് ചോദിച്ചു. അപ്പോൾ ഇമാം അഹ്മദ് പറഞ്ഞു: നാം അവയിൽ വിശ്വസിക്കുന്നു അവയിൽ യാതൊന്നുമേ നാം തള്ളുകയില്ല. അല്ലാഹുവിന്റെ റസൂൽ കൊണ്ട് വന്നതെല്ലാം സത്യമാണെന്ന് നാം ഉറപ്പിക്കുന്നു. അവ സ്വഹീഹായ സനദുകളാൽ ആണെങ്കിൽ നാം അല്ലാഹുവിന്റെ വചനം തള്ളുകയില്ല. അല്ലാഹു തന്റെ നഫ്സിനെ വിശേഷിപ്പിച്ചതിനേക്കാൾ കൂടുതൽ യാതൊരു അതിരും ലക്ഷ്യവുമില്ലാതെ വർണിക്കപ്പെടാവതല്ല. ‘‘അവനു തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു.’’ (അശ്ശൂറാ: 11)

ഇതിൽ നിന്നും ഇത്രയും കാര്യങ്ങൾ നമുക്ക് ബോധ്യമാവുന്നതാണ്.

- അല്ലാഹുവിന്റെ സിഫത്തായ അവന്റെ കലാം, അവന്റെ വരവ് എന്നിത്യാതി വിഷയങ്ങളിൽ ഇമാം അൽബൈഹഖിയെ അവലംഭിക്കാവതല്ല.
- സാഹിദ് അൽ–കൗഥരി എന്ന വ്യക്തിയുടെ കൃതികളെ സംബന്ധിച്ച് അഹ്ലുസുന്നയുടെ പണ്ഡിതന്മാർ വ്യക്തമായ താക്കീത് നൽകിയിട്ടുണ്ട്. അതിനാൽ തന്നെ ഒരു വിഷയത്തിലും അദ്ദേഹത്തെ അവലംഭിക്കാവതല്ല.
- السيف الصقيل في الرد على ابـــن زفيـــل എന്ന ഗ്രന്ഥം അല്ലാഹുവിന്റെ അസ്മാഉ വസ്സിഫാത് (നാമ ഗുണവിശേഷണങ്ങൾ) പഠിപ്പിക്കുവാൻ ഉപയോഗിക്കാവതല്ല. അതിൽ എഴുതപിടിപ്പിച്ചിട്ടുള്ളത് അഹ്ലു സുന്നയുടെ ആദർശങ്ങൾക്ക് വിരുദ്ധമായിട്ടുള്ള കാര്യങ്ങളാണ്.
- അന്ത്യനാളിൽ വിശുദ്ധ ഖുർആൻ ആഗതമാവും എന്ന് പറയുന്ന ഹദീസുകളുടെ താൽപര്യം അത് പാരായണം ചെയ്ത വ്യക്തിയുടെ കർമം/പ്രതിഫലം വരും എന്നാകുന്നു. അല്ലാതെ അല്ലാഹുവിന്റെ കലാമായ ഖുർആൻ വരും എന്ന അർത്ഥത്തിലല്ല. ഇത് അഹ്ലുസുന്നയുടെ പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.
- അന്ത്യനാളിൽ കർമങ്ങൾ സാക്ഷാൽ വസ്തുക്കളാക്കി പരിവർത്തിപ്പിക്കുമെന്നതിന് തെളിവാണ് സൂറത്ത് അൽബഖറയും സൂറ ആലുഇമ്രാനും രണ്ട് കാർമുഖിൽ പോലെ

[1] ഹമ്പൽ ഇബ്നു ഇസ്ഹാക്

അല്ലെങ്കിൽ രണ്ട് തണലുകൾ പോലെ അതുമല്ലങ്കിൽ രണ്ട് പക്ഷിക്കൂട്ടങ്ങൾ പോലെ വരും എന്ന ഹദീസുകൾ. ഇങ്ങനെയാണ് ഈ ഹദീസുകളെ അഹ്ലുസുന്നയുടെ പണ്ഡിതന്മാർ വിശദീകരിച്ചത്.

- ജഹ്മികൾക്ക് അവർ വിശ്വസിക്കുന്ന ആശയങ്ങൾകൊണ്ട് ഇമാം അഹ്മദ് മറുപടി നൽകിയ സന്ദർഭമാണ് സിഫത്തുകൾ തഅ്‌വീലിനു വിദേയമാക്കാം എന്നതിനു ബോധനം ലേഖകൻ തെളിവാക്കുന്നത്.

- ഇമാം അഹ്മദിൽ നിന്നും ഹമ്പൽ ഇബ്നു ഇസ്ഹാഖിന്റെ ഈ ഒറ്റപ്പെട്ട റിപ്പോർട്ട് (സിഫത്തിനെ തഅ്‌വീൽ ചെയ്യുന്ന റിപ്പോർട്ട്) തള്ളേണ്ടതാണെന്നും അത് ഇമാം അഹ്മദിൽ നിന്നുള്ള ധാരാളം മുതവാത്തിറായ റിപ്പോർട്ടുകൾക്ക് വിരുദ്ധമാണെന്നും അഹ്ലുസുന്നയുടെ പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.

- ഇമാം അഹ്മദിൽ നിന്നുള്ള ഈ പ്രസ്താവന സത്യമാണെങ്കിൽ തന്നെ, അത് തങ്ങളുടെ ഇഛകൾക്കനുസരിച്ച് സന്ദർഭത്തിൽ നിന്നും അടർത്തി മാറ്റിയതാണ്.

- ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യയെ പോലുള്ള പണ്ഡിതന്മാർ ഇമാം അഹ്മദിൽ നിന്നുള്ള ഈ റിപ്പോർട്ട് പഠന വിധേയമാക്കുകയും ഈ റിപ്പോർട്ട് ഇമാം അഹ്മദിന്റെ വിശ്വാസ സംഹിതയിൽ നിന്നല്ല എന്നും മറിച്ച് ആ റിപ്പോർട്ട് കുറ്റമറ്റതാണെങ്കിൽ തന്നെ അതിന് ഒരു സാഹചര്യവും സന്ദർഭവും ഉണ്ട് എന്ന് നമ്മെ പഠിപ്പിക്കുന്നു.

- وجاء ربك എന്ന സൂക്തം ഇമാം അഹ്മദ് ഒരിക്കലും തഅ്‌വീൽ ചെയ്തിട്ടില്ല. ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യയെ പോലെയുള്ള പണ്ഡിതൻമാർ ഈ ഒറ്റപ്പെട്ട അഭിപ്രായത്തെ (തഅ്‌വീലിന്റെ ഉദാഹരണത്തിനായി ആശ്രയിക്കുന്നത്) ഇമാം അഹ്മദിലേക്ക് ചേർത്തുപറയുന്നതിനെ എതിർത്തിട്ടുണ്ട്.

അഖീദയിലും മൻഹജിലുമൊന്നും കൃത്യമായ ഒരു നിലപാടില്ലാത്ത ജമാഅത്തെ ഇസ്‌ലാമി ഇത്തരത്തിൽ പണ്ഡിതൻമാരുടെ വിവരണങ്ങൾ തെറ്റായി ഉദ്ധരിക്കപ്പെടുന്നത് ഏതായാലും സദുദ്ദേശത്തോടെയല്ല. ഇവരുടെ നിലപാടില്ലായ്മയും വിശ്വാസമറ്റ വീക്ഷണങ്ങളും ദീനിൽ പ്രവർത്തിക്കത്തക്കതാണെന്ന് അഹ്ലുസുന്നത്തിന്റെ പണ്ഡിതരെ വെച്ചു ബലപ്പെടുത്താമെന്നുള്ള വ്യാമോഹത്തിന്റെ ദുരന്തമാണ് നമ്മൾ മുകളിൽ കണ്ടത്. ദീനിനോടും അതിന്റെ പണ്ഡിതൻമാരോടും ജമാഅത്തെ ഇസ്‌ലാമിക്ക് ഒരു കൂറുമില്ല എന്നതിന്റെ മികച്ച ഉദാഹരണം കൂടിയാണ് ഇത്തരം അമ്പരപ്പിക്കുന്ന കണ്ടെത്തലുകൾ. അല്ലാഹുവേ, നിന്നിൽ തന്നെ അഭയം.

# <u>അനുബന്ധം-1</u>

വിധിനിർണ്ണയദിവസത്തിലെ മീസാൻ(**الميزان** തുലാസ്) വിശദീകരിക്കവേ അതിന്മേൽ തൂക്കപ്പെടുന്നത് മൂന്ന് കാര്യങ്ങളാണെന്നാണ് അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാർ പറഞ്ഞത്:

1. കർമങ്ങൾ(**الأعمال**)

2. കർമങ്ങൾ രേഖപ്പെടുത്തിയ ഗ്രന്ഥം. (**صحف الأعمال**)

3. കർമം ചെയ്യുന്ന വ്യക്തി (**العامل**)

ഇതിനുള്ള തെളിവുകൾ കാണുക:

<u>1. കർമങ്ങൾ(**الأعمال**)</u>

ക്വുർആനിൽ നിന്നും:

وَنَضَعُ ٱلْمَوَٰزِينَ ٱلْقِسْطَ لِيَوْمِ ٱلْقِيَـٰمَةِ فَلَا تُظْلَمُ نَفْسٌ شَيْـًٔا ۖ وَإِن كَانَ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ أَتَيْنَا بِهَا ۗ وَكَفَىٰ بِنَا حَـٰسِبِينَ

“ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നീതിപൂർണ്ണമായ തുലാസുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ ഒരാളോടും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല. അത് (കർമം) ഒരു കടുക്മണിത്തൂക്കമുള്ളതാണെങ്കിലും നാമത് കൊണ്ട് വരുന്നതാണ്. കണക്ക് നോക്കുവാൻ നാം തന്നെ മതി.” (സൂറ. അമ്പിയാഅ്: 47)

സുന്നത്തിൽ നിന്ന്:

عن أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ : ( كَلِمَتَانِ خَفِيفَتَانِ عَلَى اللِّسَانِ ثَقِيلَتَانِ فِي الْمِيزَانِ حَبِيبَتَانِ إِلَى الرَّحْمَنِ سُبْحَانَ اللَّهِ الْعَظِيمِ سُبْحَانَ اللَّهِ وَبِحَمْدِهِ) رواه البخاري ومسلم

“രണ്ട് കലിമത്തുകൾ; നാവിന് ഭാരമില്ലാത്തവയാണ്. അവ രണ്ടും മീസാനിൽ ഭാരമുള്ളവയാണ്. റഹ്മാനായ അല്ലാഹുവിന് പ്രിയങ്കരവുമാണ്: سُبْحَانَ اللهِ وَبِحَمْدِهِ سُبْحَانَ اللهِ الْعَظِيمِ എന്നിവയാണവ.” (ബുഖാരി, മുസ്ലിം)

2. കർമങ്ങൾ രേഖപ്പെടുത്തിയ ഗ്രന്ഥം. (صحف الأعمال)

സുന്നത്തിൽ നിന്ന്:

إن الله سيخلص رجلا من أمتي على رؤوس الخلائق يوم القيامة فينشر عليه تسعة و تسعين سجلا ، كل سجل مثل مد البصر ثم يقول ، أتنكر من هذا شيئا ، أظلمك كتبتي الحافظون ؟ فيقول : لا يارب ، فيقول أفلك عذر ؟ فيقول : لا يا رب فيقول : بلى إن لك عندنا حسنة فإنه لا ظلم عليك اليوم فتخرج بطاقة فيها أشهد أن لا إله إلا الله ، و أشهد أن محمدا عبده و رسوله فيقول أحضر وزنك ، فيقول : ما هذه البطاقة مع هذه السجلات ؟ فقال : إنك لا تظلم ، قال : فتوضع السجلات في كفة ، و البطاقة في كفة ، فطاشت السجلات و ثقلت البطاقة ، فلا يثقل مع اسم الله شيء

الراوي: عبدالله بن عمرو بن العاص المحدث: الألباني – المصدر: السلسلة الصحيحة – الصفحة أو الرقم: 135

خلاصة حكم المحدث: إسناده صحيح على شرط مسلم

അബ്ദുല്ലാഹ് ഇബ്നു അംറിﷺൽനിന്നും നിവേദനം അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "ഖിയാമത്ത് നാളിൽ എന്റെ ഉമ്മത്തിൽപ്പെട്ട ഒരു മനുഷ്യൻ ജനസമക്ഷം ഉച്ചത്തിൽ വിളിക്കപ്പെടും. എന്നിട്ട് അവന് തൊണ്ണൂറ്റൊമ്പത് (തിന്മകളുടെ) ഏടുകൾ നിവർത്തും. ഓരോ ഏടും ദൃഷ്ടി എത്തുന്നത് വരെ നീളമുള്ളതായിരിക്കും. പിന്നെ അവൻ ചോദിക്കപ്പെടും: 'ഇതിൽ നിന്ന് വല്ലതും നീ നിഷേധിക്കുന്നുവോ'? അപ്പോൾ അവൻ പറയും: രക്ഷിതാവേ ഇല്ല. അപ്പോൾ (അല്ലാഹു) ചോദിക്കും, നിനക്ക് (ഈ തെറ്റുകൾക്ക്) വല്ല ഒഴിവു കഴിവും ഉണ്ടോ അല്ലെങ്കിൽ (നീ ചെയ്ത) വല്ല നന്മയും ഉണ്ടോ? അപ്പോൾ ആ മനുഷ്യൻ ഭയക്കും. എന്നിട്ട് പറയും: ഇല്ല. അപ്പോൾ (അല്ലാഹു) പറയും: ഉണ്ട്, നിനക്ക് എന്റെ അടുക്കൽ ചില നന്മകൾ ഉണ്ട്. തീർച്ചയായും ഇന്ന് നിന്റെമേൽ ഒരു അക്രമവുമില്ല. പിന്നീട് അവനുവേണ്ടി ഒരു കാർഡ് പുറത്തെടുക്ക പ്പെടും. അതിൽ 'അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു വഅന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു' എന്നു (എഴുതിയിട്ടു)ണ്ടായിരിക്കും. അപ്പോൾ അവൻ ചോദിക്കും: എന്റെ നാഥാ, (തിന്മയുടെ) ഈ ഏടുകളുടെ കൂടെ ഈ കാർഡ് എന്ത് ഉപകരിക്കുവാനാണ്? അപ്പോൾ പറയപ്പെടും: തീർച്ചയായും നീ അക്രമിക്കപ്പെടുകയില്ല, (തുലാസിന്റെ) ഒരു തട്ടിൽ (തിന്മയുടെ) ഏടുകളും മറുതട്ടിൽ കാർഡും വെക്കപ്പെടും. അപ്പോൾ ഏടുകൾ കനം തൂങ്ങാതെ പാറിപ്പോകും. കാർഡ് കനം തൂങ്ങുകയും ചെയ്യും.)"

3. കർമം ചെയ്യുന്ന വ്യക്തി (العامل)

ക്വുർആനിൽ നിന്നുള്ള തെളിവ്:

أُوْلَٰٓئِكَ ٱلَّذِينَ كَفَرُواْ بِـَٔايَٰتِ رَبِّهِمۡ وَلِقَآئِهِۦ فَحَبِطَتۡ أَعۡمَٰلُهُمۡ فَلَا نُقِيمُ لَهُمۡ يَوۡمَ ٱلۡقِيَٰمَةِ وَزۡنٗا

“തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിലും അവനുമായി കണ്ടുമുട്ടുന്നതിലും വിശ്വസിക്കാത്തവരത്രെ അവർ. അതിനാൽ അവരുടെ കർമ്മങ്ങൾ നിഷ്ഫലമായിപ്പോയിരിക്കുന്നു. അതിനാൽ നാം അവർക്ക് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ യാതൊരു തൂക്കവും നിലനിർത്തുകയില്ല.” (സൂറ. കഹ്ഫ്: 105)

സുന്നത്തിൽ നിന്നും:

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ عَنْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : (إِنَّهُ لَيَأْتِي الرَّجُلُ الْعَظِيمُ السَّمِينُ يَوْمَ الْقِيَامَةِ لَا يَزِنُ عِنْدَ اللَّهِ جَنَاحَ بَعُوضَةٍ . وَقَالَ اقْرَءُوا : (فَلَا نُقِيمُ لَهُمْ يَوْمَ الْقِيَامَةِ وَزْنًا) رواه البخاري ومسلم

“അന്ത്യനാളിൽ തടിച്ചുകൊഴുത്ത മഹാമനുഷ്യൻ വരുന്നതാണ്. അയാൾ അല്ലാഹുവിങ്കൽ ഒരു കൊതുകിന്റെ ചിറകിനോളം ഭാരം തൂങ്ങുകയില്ല. തിരുമേനിﷺ പറഞ്ഞു: നിങ്ങൾ പാരായണം ചെയ്യുക:

(فَلَا نُقِيمُ لَهُمْ يَوْمَ الْقِيَامَةِ وَزْنًا)

﴿അതിനാൽ നാം അവർക്ക് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ യാതൊരു തൂക്കവും നിലനിർത്തുകയില്ല.﴾ (സൂറത്തുൽകഹ്ഫ്: 105)” (ബുഖാരി)